"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - കേരള നഴ്സസ് & മിഡ്‌വൈവ്സ് കൗൺസിൽ - ജീവനക്കാര്യം - താത്കാലിക അടിസ്ഥാനത്തിൽ അനുവദിച്ച ഡേറ്റ എൻട്രി ഓപ്പറേറ്റർ തസ്തികകൾക്ക് തുടർച്ചാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(കൈ) നം.341/2024/H&FWD തീയതി,തിരുവനന്തപുരം, 15-11-2024

---

പരാമർശം:-
1. സ.ഉ.(കൈ) നം.163/2023/H&FWD തീയതി 21.07.2023.
2. സ.ഉ.(കൈ) നം. 75/2024/ആ.കു.വ തീയതി 16.03.2024.
3. കേരള നഴ്സസ് & മിഡ്‌വൈവ്സ് കൗൺസിൽ രജിസ്ട്രാറുടെ 05.09.2024 തീയതിയിലെ ബി/54946/2022/എൻ.സി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള നഴ്സസ് & മിഡ്‌വൈവ്സ് കൗൺസിലിലെ ജോലിഭാരം കണക്കിലെടുത്ത് 27.01.1982 ലെ സ.ഉ.(പി)26/82/പൊ.ഭ.വ നമ്പർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി പരാമർശം (1) പ്രകാരം 4 ഡേറ്റ എൻട്രി ഓപ്പറേറ്റർ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് പരാമർശം (2) പ്രകാരം ടി തസ്തികയിൽ നിന്നും വിടുതൽ നേടി പോയ ഒരാളൊഴികെ ബാക്കിയുള്ള 3 പേരുടെ സേവനം മതിയായ ഇടവേള നൽകി 179 ദിവസത്തേക്ക് കൂടി തുടരുന്നതിനും അനുമതി നൽകിയിരുന്നു.

2 . ജീവനക്കാരുടെ അപര്യാപ്തത നേഴ്സിംഗ് പ്രൊഫഷണലുകളുടെ തൊഴിൽ സാധ്യതകളെ പ്രതികൂലമായി ബാധിക്കും എന്നതിനാൽ ടി തസ്തികകൾക്ക് തുടർച്ചാനുമതി ആവശ്യപ്പെട്ട് കെ.എൻ.എം.സി രജിസ്ട്രാർ പരാമർശം (3) പ്രകാരം ശിപാർശ സമർപ്പിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പുതുതായി താത്കാലിക ഡേറ്റ എൻട്രി ഓപ്പറേറ്റർ തസ്തികകൾ അനുവദിച്ചതുവഴി കെ.എൻ.എം.സി -യിൽ നിന്നും നൽകുന്ന സേവനങ്ങൾ വേഗത്തിലാക്കാൻ സാധിച്ചിട്ടുണ്ട്. ആയതിനാൽ ടി തസ്തികകൾക്ക് തുടർച്ചാനുമതി നൽകേണ്ടത് ആവശ്യമാണ്.

4. ഈ സാഹചര്യത്തിൽ കെ.എൻ.എം.സി-യിലെ ജോലിഭാരം കണക്കിലെടുത്തും, ജീവനക്കാരുടെ അപര്യാപ്തത പരിഗണിച്ചും, അധിക സാമ്പത്തിക ബാദ്ധ്യത സർക്കാർ വഹിക്കില്ല എന്ന വ്യവസ്ഥയിൽ, 21-07-2023 തീയതിയിലെ സ.ഉ.(കൈ) നം.163/2023/H&FWD ഉത്തരവ് പ്രകാരം അനുവദിച്ച നാല് താൽക്കാലിക ഡാറ്റ എൻട്രി ഓപ്പറേറ്റർ തസ്തികകളിൽ മൂന്നെണ്ണത്തിന് ഒരു വർഷത്തേയ്ക്ക് കൂടെ തുടർച്ചാനുമതി നൽകുന്നു. ഈ വിഷയത്തിലെ പൊതു ഉത്തരവുകളിലെ മാനദണ്ഡങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

രജിസ്ട്രാർ, കേരള നഴ്സസ് & മിഡ്‌വൈവ്സ് കൗൺസിൽ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ (ഹെൽത്ത് ബി) വകുപ്പ് (01-10-2024 തീയതിയിലെ 2447541 / HLT-B1/84/2023-FIN പ്രകാരം).
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Prijith. G
Date: 15-11-2024 15:12:42
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.ആരോഗ്യ വനിതാ ശിശു വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.